കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.അടൂർ എം.എൽ.എ. ശ്രീ.ചിറ്റയം ഗോപകുമാർ അവർകളുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.3763/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 23/11/2017

---

പരാമർശം :- (1) ജി.ഒ.(ആർ.റ്റി) നമ്പർ 2154/2017/തസ്വഭവ തീയതി 28.06.2017

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.10.2017 ലെ ഡിബി6-11062/17/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം ബഹു.അടൂർ എം.എൽ.എ. ശ്രീ.ചിറ്റയം ഗോപകുമാർ അവർകളുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി "അടൂർ നഗരസഭയിലെ കോട്ടപ്പുറം-പന്നിവിഴ - പുത്തൻചന്ത - കുരിശ്ശുപടി റോഡ് നവീകരണം" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നു.

2.ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനും, തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) ലെ കത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുകയുണ്ടായി.

3. പ്രസ്തുത നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ലെ ഉത്തരവിലൂടെ ഭരണാനുമതി ലഭിച്ച "അടൂർ നഗരസഭയിലെ കോട്ടപ്പുറം-പന്നിവിഴ - പുത്തൻചന്ത - കുരിശ്ശുപടി റോഡ് നവീകരണം" എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്നതിനും, ആയതിലേയ്ക്കായി തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

4.പരാമർശം1-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.ചിറ്റയം ഗോപകുമാർ എം.എൽ.എ., അടൂർ നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ